നം .ഇ.എക്സ്.എ1/5500/2019/ സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12,
തീയതി : 03/04/2021

സെക്രട്ടറി

എല്ലാ ക്യാമ്പ് ആഫീസർമാർക്കും

സാർ

വിഷയം:- പൊ.വി. - പൊതു പരീക്ഷകൾ - എസ് എസ് എൽ സി പരീക്ഷ എപ്രിൽ 2021 - കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ - പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- എഎസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2021 പരീക്ഷാ വിജ്ഞാപനം.

.......

2021 ഏപ്രിൽ എസ് എസ് എൽ സി പരീക്ഷ ഉത്തരക്കടലാസ്സുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം മെയ് ആദ്യവാരം നടക്കുന്ന ഐ.ടി. പ്രാക്ടിക്കൽ പരീക്ഷയ്ക്കു ശേഷം സംസ്ഥാനത്തെ 69 കേന്ദ്രീകൃത മൂല്യനിർണ്ണയക്യാമ്പുകളിൽ നടക്കുന്നതായിരിക്കും. മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഉത്തരക്കടലാസ്സുകൾ എത്തുമ്പോൾ പ്രാഥമികമായി സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്യാമ്പിന്റെ പൊതുമേൽനോട്ടവും നിയന്ത്രണവും ക്യാമ്പ്ആഫീസറുടെ ചുമതലയിലായിരിക്കും. മൂല്യനിർണ്ണയത്തിന് മുമ്പും ശേഷവും ഉത്തരക്കടലാസ്സുകൾ സൂക്ഷിക്കേണ്ടത് ക്യാമ്പ് ആഫീസറുടെയും ഡെപ്യൂട്ടി ക്യാമ്പ് ആഫീസറുടെയും സംയുക്ത ചുമതലയിലാണ്.
2. ഓരോ പരീക്ഷാകേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഉത്തരക്കടലാസ്സ് കെട്ടുകൾ തുറന്ന് പരിശോധിച്ച് അതിലുള്ള പായ്ക്കറ്റുകൾ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തണം. ലഭിച്ച ഉത്തരക്കടലാസ്സുകൾ സംബന്ധിക്കുന്ന വിവരങ്ങൾ പ്രത്യേക രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. തങ്ങളുടെ ക്യാമ്പിലേയ്ക്ക് മറ്റേതെങ്കിലും സെന്ററിലെ ഉത്തരക്കടലാസ്സുകെട്ടുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ അവ പ്രത്യേകമായി സൂക്ഷിക്കേണ്ടതും ആയതിന്റെ വിവരം പരീക്ഷാഭവനിൽ അപ്പോൾ തന്നെ അറിയിക്കേണ്ടതുമാണ്.
3. ഉത്തരക്കടലാസ്സ് പായ്ക്കറ്റുകൾ പൊട്ടിക്കുമ്പോഴുള്ള പാഴ്ക്കടലാസ്സുകളും മറ്റും നശിപ്പിക്കാതെ പ്രത്യേകമായി രണ്ട് മാസക്കാലം സൂക്ഷിക്കേണ്ടതാണ്.
4. ക്യാമ്പിലുള്ള മുഴുവൻ അസിസ്റ്റന്റ് എക്സാമിനർമാർക്കും ആവശ്യമായ ചോദ്യപേപ്പറുകൾ എല്ലാ പരീക്ഷയ്ക്കും ശേഷം ബന്ധപ്പെട്ട ഡി.ഇ.ഒ യിൽ നിന്നും 13/04/2021 ന് മുമ്പ് ക്യാമ്പ് ആഫീസർ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

CGE M71

5. ഉത്തരക്കടലാസ്സുകൾ സൂക്ഷിച്ചിട്ടുള്ള സ്ട്രോംഗ് റൂം എല്ലായ്പ്പോഴും പൂട്ടി സൂക്ഷിക്കേണ്ടതും ക്യാമ്പ് പ്രവർത്തി ദിവസങ്ങളിൽ വൈകുന്നേരങ്ങളിൽ സീൽ ചെയ്യേണ്ടതുമാണ്. ഉത്തരക്കടലാസ്സുകൾ എത്തിച്ചേരുന്ന ദിവസം മുതൽ പോലീസ് സെക്യൂരിറ്റി നിർബന്ധമായും എല്ലാ സമയത്തും ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത മുറി തുറക്കുന്നതും അടക്കുന്നതും യഥാസമയം നിർദ്ദേശിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി ക്യാമ്പ് ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6. മൂല്യനിർണ്ണയക്യാമ്പുകൾ ആരംഭിക്കുന്നതിന് മുമ്പായി തന്നെ കുടിവെള്ളം, മതിയായ ടോയ്ലെറ്റ് സൗകര്യങ്ങൾ, എന്നിവ ക്യാമ്പിൽ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. മതിയായ വെളിച്ചവും ശുദ്ധവായുവും ലഭിക്കുന്ന മുറികളായിരിക്കണം മൂല്യനിർണ്ണയത്തിനായി തെരഞ്ഞെടുക്കേണ്ടത്. ക്യാമ്പ് പ്രവർത്തി ദിവസങ്ങളിൽ എല്ലാം തന്നെ വൈദ്യുത കണക്ഷൻ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. ഓരോ ക്യാമ്പിലേയ്ക്കും അനുവദിച്ചിരിക്കുന്ന ഉത്തരക്കടലാസുകളുടെ എണ്ണം iExaM ലെ HM Login- ൽ നിന്നും ക്യാമ്പ് ആഫീസർക്ക് ലഭിക്കുന്നതായിരിക്കും.

8. 69 ക്യാമ്പുകളിലായി അനുവദിച്ചിരിക്കുന്ന വിഷയങ്ങൾ ഉത്തരക്കടലാസ്സുകളുടെ എണ്ണം എന്നിവ സംബന്ധിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

ലാൽ. കെ. ഐ
സെക്രട്ടറി

പരീക്ഷാഭവനിലെ അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ:

1. സെക്രട്ടറി 9496847068 (mob) , secretarylal@gmail.com
2. A1 Section : 8714231473
3. A Section : 0471 2546815/816. , supdta.cge@kerala.gov.in

പകർപ്പ്:

1) എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും
2) കരുതൽ ഫയൽ

CGE M71